**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4638** **02-07-2024 - ൽ മറുപടിയ്ക്ക്**

**ജലാശയങ്ങൾ മാലിന്യ മുക്തമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ജലാശയങ്ങൾ മാലിന്യ മുക്തമാക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ കുളങ്ങൾ, ജലാശയങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിച്ച്, പുനരുജ്ജീവിപ്പിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ജലസേചനവകുപ്പ് നിർവ്വഹിച്ച് വരുന്നു. കുളങ്ങളിൽ അടിഞ്ഞു കൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്ത് ജലനിർഗ്ഗമന ചാലുകൾ പ്രവർത്തന സജ്ജമാക്കുക, തോടുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി/ എക്കൽ നീക്കം ചെയ്ത് ആവശ്യമുള്ള ഇടങ്ങളിൽ പാർശ്വസംരക്ഷണം നിർവ്വഹിക്കുക, പുഴകളിൽ അടിഞ്ഞു കൂടിയിട്ടുള്ള എക്കൽ/ചെളി/മണൽ എന്നിവ നീക്കം ചെയ്യുക, പുഴകളിലും, വലിയ തോടുകളിലുമുള്ള തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം അടിഞ്ഞുകൂടിയിട്ടുള്ള ചെളി/എക്കൽ/മണൽ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുന:സ്ഥാപിച്ച് ജലസംരക്ഷണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികളാണ് നിർവഹിച്ച് വരുന്നത്. തുടർന്നും ജലസംരക്ഷണ പ്രവർത്തനങ്ങൾ വകുപ്പിന് ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ചും വകുപ്പുകളുടെ ഏകോപനത്തോടും നടപ്പിലാക്കുന്നതാണ്. നിലവിൽ ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'യുടെ ഭാഗമായി തയ്യാറാക്കിയ നീർത്തട പ്ലാനുകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുക്കുന്നുണ്ട്.<br><br>സംസ്ഥാനത്തിലെ നദികൾ പുനരുജ്ജീവിപ്പിക്കുന്നതിനും മാലിന്യമുക്ത മാക്കുന്നതിനും 2 (രണ്ട്) കോടി രൂപ ജലസേചന വകുപ്പിന്റെ നടപ്പ് സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനും സുഗമമായ ഒഴുക്ക് സാധ്യമാക്കുന്നതിനുമായി തയ്യാറാക്കിയ അംഗീകൃത |

കർമ്മപദ്ധതി പ്രകാരമുള്ള പ്രവർത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിന്റെ ഇത്തരത്തിലെ ഇടപെടലുകളെ തുടർന്ന് NGT-യുടെ ഉത്തരവിൽ പരാമർശിക്കപ്പെട്ട കേരളത്തിലെ മലിനീകരിക്കപ്പെട്ട 21 നദീഭാഗങ്ങൾ 18 ആയി കുറഞ്ഞിട്ടുണ്ട്. സംസ്ഥാന ബജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കി, സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു. ഇതിനു പുറമേ ജനപങ്കാളിത്തത്തോടു കൂടി സന്നദ്ധപ്രവർത്തന സ്വഭാവത്തിലും ജലസ്രോതസ്സുകൾ പരിപാലിച്ചു വരുന്നു. ഓരോ നീർത്തടത്തിലും ഉൾപ്പെടുന്ന ജലസ്രോതസ്സുകളുടെ സ്ഥിതി വിലയിരുത്തി, കുളങ്ങൾ, തോടുകൾ എന്നിവയുടെ സംഭരണശേഷി/ വാഹകശേഷി നിലനിർത്തുന്നതിനും, ശുചീകരണത്തിനുമുള്ള നടപടികൾ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവ മുഖേനയും ജലസേചന വകുപ്പ് മുഖേനയും ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. ഇതുവഴി നദികളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്, അതിലൂടെ മലിനീകരണത്തിന്റെ തോതും, ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയുന്നുണ്ട്.

മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി നദികൾക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള പാലങ്ങളിൽ കമ്പിവേലി നിർമ്മാണം ഫണ്ടിന്റെ ലഭ്യത അനുസരിച്ചു ജലസേചന വകുപ്പ് നടപ്പിലാക്കാറുണ്ട്. ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. വാണിജ്യ വ്യവസായ സ്ഥാപനങ്ങളും മറ്റും മാലിന്യങ്ങൾ പുറംതള്ളുന്നത് സംബന്ധിച്ചു സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, 2018 ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ, ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ കേസ് കൊടുക്കുകയും, ഇവയിൽ പോലീസ് ഉദ്യോഗസ്ഥർ തുടർ അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിക്കാറുമുണ്ട്. 2018 ലെ ഭേദഗതി നിയമം പ്രകാരം ശിക്ഷ/പിഴ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം പോലീസ് അധികൃതർക്ക് നൽകുന്ന പരാതിയിന്മേൽ അന്വേഷണം നടത്തി,

| | | | |
|---|---|---|---|
| | | | ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ടതാണ്. 3 വർഷം വരെ തടവും, പരമാവധി 2 ലക്ഷം രൂപ പിഴയുമാണ് കുറ്റം തെളിഞ്ഞാൽ ശിക്ഷയായി ലഭിക്കുന്നത്.<br><br>ഇതുവരെ മാലിന്യം നിക്ഷേപിച്ച 12 പേർക്കെതിരേ കേസ് രജിസ്റ്റർ ചെയ്യുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനും ശിക്ഷിക്കുന്നതിനും പ്രസ്തുത കാലയളവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (ബി) | സംസ്ഥാനത്തെ കുളങ്ങൾ, ജലാശയങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിച്ച്, പുനരുജ്ജീവിപ്പിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ജലസേചനവകുപ്പ് നിർവ്വഹിച്ചു വരുന്നു. കുളങ്ങളിൽ അടിഞ്ഞു കൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്ത് ജലനിർഗ്ഗമന ചാലുകൾ പ്രവർത്തന സജ്ജമാക്കുക, തോടുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി/ എക്കൽ നീക്കം ചെയ്ത് ആവശ്യമുള്ള ഇടങ്ങളിൽ പാർശ്വസംരക്ഷണം നിർവ്വഹിക്കുക, പുഴകളിൽ അടിഞ്ഞു കൂടിയിട്ടുള്ള എക്കൽ/ചെളി/മണൽ എന്നിവ നീക്കം ചെയ്യുക, പുഴകളിലും, വലിയ തോടുകളിലുമുള്ള തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം അടിഞ്ഞുകൂടിയിട്ടുള്ള ചെളി/എക്കൽ/മണൽ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുന:സ്ഥാപിച്ച് ജലസംരക്ഷണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികളാണ് നിർവഹിച്ചു വരുന്നത്. തുടർന്നും ജലസംരക്ഷണ പ്രവർത്തനങ്ങൾ വകുപ്പിന് ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ചും വകുപ്പുകളുടെ ഏകോപനത്തോടും നടപ്പിലാക്കുന്നതാണ്. നിലവിൽ ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'യുടെ ഭാഗമായി തയ്യാറാക്കിയ നീർത്തട പ്ലാനുകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുക്കുന്നുണ്ട്.<br><br>സംസ്ഥാനത്തിലെ നദികൾ പുനരുജ്ജീവിപ്പിക്കുന്നതിനും മാലിന്യമുക്ത മാക്കുന്നതിനും 2 (രണ്ട്) കോടി രൂപ ജലസേചന വകുപ്പിന്റെ നടപ്പു സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനും സുഗമമായ ഒഴുക്ക് സാധ്യമാക്കുന്നതിനുമായി തയ്യാറാക്കിയ അംഗീകൃത കർമ്മപദ്ധതി പ്രകാരമുള്ള പ്രവർത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിന്റെ ഇത്തരത്തിലെ ഇടപെടലുകളെ തുടർന്ന് NGT-യുടെ |

ഉത്തരവിൽ പരാമർശിക്കപ്പെട്ട കേരളത്തിലെ മലിനീകരിക്കപ്പെട്ട 21 നദീഭാഗങ്ങൾ 18 ആയി കുറഞ്ഞിട്ടുണ്ട്. സംസ്ഥാന ബജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കി, സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു. ഇതിനു പുറമേ ജനപങ്കാളിത്തത്തോടു കൂടി സന്നദ്ധപ്രവർത്തന സ്വഭാവത്തിലും ജലസ്രോതസ്സുകൾ പരിപാലിച്ചു വരുന്നു. ഓരോ നീർത്തടത്തിലും ഉൾപ്പെടുന്ന ജലസ്രോതസ്സുകളുടെ സ്ഥിതി വിലയിരുത്തി, കുളങ്ങൾ, തോടുകൾ എന്നിവയുടെ സംഭരണശേഷി/ വാഹകശേഷി നിലനിർത്തുന്നതിനും, ശുചീകരണത്തിനുമുള്ള നടപടികൾ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവ മുഖേനയും ജലസേചന വകുപ്പ് മുഖേനയും ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. ഇതുവഴി നദികളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്, അതിലൂടെ മലിനീകരണത്തിന്റെ തോതും, ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയുന്നുണ്ട്.

മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി നദികൾക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള പാലങ്ങളിൽ കമ്പിവേലി നിർമ്മാണം ഫണ്ടിന്റെ ലഭ്യത അനുസരിച്ചു ജലസേചന വകുപ്പ് നടപ്പിലാക്കാറുണ്ട്. ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. വാണിജ്യ വ്യവസായ സ്ഥാപനങ്ങളും മറ്റും മാലിന്യങ്ങൾ പുറംതള്ളുന്നത് സംബന്ധിച്ചു സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, 2018 ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ, ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ കേസ് കൊടുക്കുകയും, ഇവയിൽ പോലീസ് ഉദ്യോഗസ്ഥർ തുടർ അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിക്കാറുമുണ്ട്. 2018 ലെ ഭേദഗതി നിയമം പ്രകാരം ശിക്ഷ/പിഴ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം പോലീസ് അധികൃതർക്ക് നൽകുന്ന പരാതിയിന്മേൽ അന്വേഷണം നടത്തി, ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ടതാണ്. 3 വർഷം വരെ തടവും, പരമാവധി 2 ലക്ഷം രൂപ പിഴയുമാണ് കുറ്റം തെളിഞ്ഞാൽ ശിക്ഷയായി ലഭിക്കുന്നത്.

| | | | |
|---|---|---|---|
| | | | ഇതുവരെ മാലിന്യം നിക്ഷേപിച്ച 12 പേർക്കെതിരേ കേസ് രജിസ്റ്റർ ചെയ്യുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ